(സി) ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ യഥാക്രമം ജില്ലാ മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവ യോഗങ്ങളും ശില്പശാലകളും പരിശീലനവും സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ ഇതര വകുപ്പുകളുടെയും എൻ.ജി.ഒ.-കളുടേയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തെപ്പറ്റിയും അവബോധം നൽകുന്നുണ്ട്. വാർഡ് തലത്തിൽ ഓരോ ആഴ്ചയും വാർഡുതല ആരോഗ്യ പോഷണ ശുചിത്വ കാര്യങ്ങളെപ്പറ്റി ചർച്ച നടത്തുന്നു. ഇതുകൂടാതെ വീടുവീടാന്തരം സർവ്വേ നടത്തുന്ന സമയം ആരോഗ്യ വകുപ്പുദ്യോഗസ്ഥരും ബോധവൽക്കരണം നടത്തുന്നു. വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്ന് ആരോഗ്യ ബോധവൽക്കരണമാണ്. ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം എന്നീ ദുശ്ശീലങ്ങളിൽ നിന്നുമുള്ള മുക്തി തുടങ്ങിയ വിഷയങ്ങളിൽ സമൂഹത്തിലെ എല്ലാ തലങ്ങളിലും ആരോഗ്യ പ്രവർത്തകരിലൂടെ ബോധവൽക്കരണങ്ങൾ നടത്തി വരുന്നു. ഈ ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളുടെയും യുവജന സംഘടനകളുടെയും, യൂത്ത് ക്ലബ്ബുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമായ രീതിയിൽ ശക്തിപ്പെടുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നതാണ്.

ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ

69(2537) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിൽസാ കേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

GPM. 2/242/2020-20

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യ ആയുർവേദ ചികിത്സ ലഭ്യമാക്കുക വഴി കേരളത്തെ സമ്പൂർണ്ണ ആയുർവേദ സംസ്ഥാനമാക്കുകയാണ് ലക്ഷ്യം.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി 77 ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പേരാമ്പ്ര ആയുർവേദ ഡിസ്പെൻസറി

70(2538) ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ആയുർവേദ ഡിസ്പെൻസറി (എൻ. ആർ. എച്ച്. എം.) സർക്കാർ ഡിസ്പെൻസറിയാക്കി ഉയർത്തുന്നതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) രോഗികളുടെ ബാഹുല്യവും കെട്ടിടത്തിന്റെ സൗകര്യവും പരിഗണിച്ച് ഇതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ സ്ഥിരം സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly